(സി) ആയുർവേദ സംബന്ധിയായ ഔഷധ സസ്യങ്ങളുടെ പേറ്റന്റ് ഇതര രാഷ്ട്രങ്ങൾ എടുക്കുന്നത് തടയാൻ കേന്ദ്രഗവൺമെന്റ് ട്രഡീഷണൽ നോളജ് ഡിജിറ്റൽ ലൈബ്രറി എന്ന സ്ഥാപനം പ്രവർത്തിപ്പിക്കുന്നുണ്ട്. ഈ ലക്ഷ്യത്തോടു കൂടിതന്നെ കേരളത്തിന്റെ തനത് സമ്പത്തുകൾ സംരക്ഷിക്കുന്നതിന് കേരള ഗവൺമെന്റ് ഒരു പേറ്റന്റ് സെൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണിച്ചിട്ടില്ല.

ഭരണ നവീകരണത്തിന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ

*5 [305] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, ടി. കെ. ബാലൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണത്തിന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പരിഷ്കാരങ്ങളാണ് ഇതിനകം നടപ്പാക്കിയിട്ടുള്ളതെന്ന് പറയാമോ;

(സി) സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ അവശ്യം വേണ്ട ഏറ്റവും കുറഞ്ഞ ഭൗതിക സാഹചര്യങ്ങൾ, ഉപകരണങ്ങൾ, മാനവശേഷി, പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ എന്നിവയ്ക്ക് ഒരു പൊതു മാനദണ്ഡം നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ഏതെല്ലാം സേവനങ്ങൾക്കാണ് നികുതി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് പറയാമോ;

(ഇ) സർക്കാർ ആശുപത്രികളിൽ പരിശോധനയ്ക്കും സർട്ടിഫിക്കറ്റുകൾക്കും മറ്റും ഏർപ്പെടുത്തിയിരുന്ന ഫീസ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ആരോഗ്യമേഖലയിൽ എട്ട് ഉദ്യമങ്ങളിലൂടെ താഴെ പറയുന്ന പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു:

(i) ആരോഗ്യപരിരക്ഷണ-പരിപാലന നിലവാരം നിർണ്ണയിക്കുന്നതിനും സേവനങ്ങൾക്കായുള്ള ചെലവിനെ സംബന്ധിച്ചും പഠനം നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(ii) ആരോഗ്യപരിപാലനത്തിന്റെ വിവിധ മേഖലകളിൽ രോഗ പരിശോധനയും ചികിത്സയും അതു സംബന്ധമായ കൂടിയാലോചനയും സംബന്ധിച്ച് പെരുമാറ്റചട്ടം ആവിഷ്കരിക്കുക.

(iii) രോഗ സ്വഭാവം, ചികിത്സ സംബന്ധിച്ച നടപടിക്രമം എന്നിവയ്ക്കനുസൃതമായ ഔഷധങ്ങൾ ശുപാർശ ചെയ്യുകയും ഈ വസ്തുതകൾക്ക് പൂർണ്ണമായി പ്രതിഫലിപ്പിക്കുന്ന ഒരു ഫോർമുലയുടെ സഹായത്തോടെ ഓരോ ഘട്ടത്തിലും അവ ലഭ്യമാക്കുകയും ചെയ്യുക.

(iv) ഡോക്ടർമാരിൽ ഒരു വിഭാഗവും ഔഷധ നിർമ്മാണ വ്യവസായവും തമ്മിലുള്ള കൂട്ടുകെട്ടിന്റെ ഫലമായി രോഗികൾ ചൂഷണം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുക.

(v) പൊതുജനാരോഗ്യ സംവിധാനത്തിന് അനുയോജ്യമായ സാധന സാമഗ്രികൾ വാങ്ങാനുള്ള ഉത്തമമായ രീതി നിർണ്ണയിക്കുക.

(vi) ഉപകരണങ്ങൾ, ഔഷധങ്ങൾ, മറ്റ് സാമഗ്രികൾ ഇവയുടെ വാങ്ങലും വിതരണവും സംബന്ധിച്ച് നിലവിലുള്ള സംവിധാനം പരിഷ്കരിക്കുക

(vii) തെരഞ്ഞെടുക്കപ്പെട്ട സംവിധാനത്തിന് അനുയോജ്യമായ കമ്പ്യൂട്ടർവൽക്കൃത സമ്പ്രദായം സാധന സാമഗ്രികൾ കൈകാര്യം ചെയ്യുന്നതിന് ആവിഷ്കരിക്കുക.

(viii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി അവയ്ക്ക് കൂടുതൽ സ്വയംഭരണാധികാരം നൽകിക്കൊണ്ട് ഹെൽത്ത് സെസ് പിരിക്കാനുള്ള നിയമ നിർമ്മാണം നടത്തുക.

(ix) സർക്കാർ ഉടമസ്ഥതയിലുള്ള ആരോഗ്യസ്ഥാപനങ്ങളെ പൊതുജനങ്ങളുടെ മേൽനോട്ടത്തിന് വിധേയമാക്കുംവിധം പൗരാവകാശ രേഖാ സമ്പ്രദായം ആവിഷ്കരിക്കുക.

(x) ആരോഗ്യകാര്യ ഭരണകർത്താക്കളുടെ ഒരു ശ്രേണി സൃഷ്ടിക്കുകയും സ്പെഷ്യാലിറ്റി കേഡർ രൂപീകരിച്ച് ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുകയും ചെയ്യുക.

(xi) ആരോഗ്യ വർദ്ധനയ്ക്കും രോഗപ്രതിരോധത്തിനും സഹായകരമായ രീതിയിൽ പ്രചരണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പരിപാടി ആവിഷ്കരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ ഉദ്യമങ്ങളെല്ലാം തന്നെ വിശദമായ കൂടിയാലോചനയ്ക്കു ശേഷം നിർവ്വഹണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനാണ് ഉദ്ദേശ്യം. വിവര സാങ്കേതിക വിദ്യ/കമ്പ്യൂട്ടർവൽക്കരണം എന്നിവ സംബന്ധമായ നടപടികൾ പല വകുപ്പുകളിലും പൂർത്തിയായി വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഔഷധ സംബന്ധമായ ഫോർമുലറി ഇതിനകം തയ്യാറായിട്ടുണ്ട്. രോഗ നിർണ്ണയത്തിനും വിദഗ്ധോപദേശത്തിനുമായി ടെലി മെഡിസിൻ സമ്പ്രദായം ഏർപ്പെടുത്തി. ഔഷധങ്ങൾ വാങ്ങുന്ന സമ്പ്രദായവും വിവിധ ക്രയ സമ്പ്രദായങ്ങളും പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. പൊതുജനാരോഗ്യ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള "പൗരാവകാശ രേഖ" ആരോഗ്യവകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്.

(സി) പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് സർക്കാർ പരിഗണിച്ചുവരുന്നു.

(ഡി) ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾക്ക് നികുതി ഏർപ്പെടുത്തിയിട്ടില്ല.

(ഇ) സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിരുന്ന വിവിധയിനം ഫീസ് നിരക്കുകൾ 1994-ൽ വർദ്ധിപ്പിച്ചതിനുശേഷം പ്രസ്തുത നിരക്കുകൾ വീണ്ടും വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പ്രാബല്യത്തിൽ വന്നിട്ടില്ല. സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള ഫീസും വർദ്ധിപ്പിച്ചിട്ടില്ല.

പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കുന്ന വാഹനങ്ങൾ ഉടനടി ഡിസ്പോസ് ചെയ്യാൻ നടപടി

*6 [306] ശ്രീ. ടി. പി. എം. സാഹിർ :
,, സി. ടി. അഹമ്മദ് അലി :
,, വി. കെ. ഇബ്രാഹിം കുഞ്ഞ് :
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങൾ പിടിച്ചെടുത്ത് അധീനതയിൽ സൂക്ഷിക്കാൻ ട്രാഫിക് പോലീസിന് അധികാരമുള്ളതുപോലെ പോലീസിലെ മറ്റ് വിഭാഗത്തിലുള്ളവർക്കും അതിനധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം;

(ബി) ഇങ്ങനെ പോലിസ് അധീനതയിൽ സൂക്ഷിക്കുന്ന വാഹനങ്ങളുടെ കണക്ക് സർക്കാരിന്റെ പക്കൽ ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly